Passed on 20-11-2019

# 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് (2000-ലെ 5) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിനുള്ള ഭേദഗതി.—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശവികസനവും ആക്റ്റിലെ (2000-ലെ 5) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിൽ,

(1) (4)-ാം ഉപവകുപ്പിൽ "ചെയർമാനും" എന്ന വാക്കിന് ശേഷം "വ്യവസായ വകുപ്പിന്റെ ചുമതലയുള്ള സെക്രട്ടറി വൈസ് ചെയർമാനും", എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (6)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(7) സംസ്ഥാന ബോർഡിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സംസ്ഥാന ബോർഡിനെ സഹായിക്കുന്നതിനായും, അപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ

ആവശ്യത്തിലേയ്ക്കായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ, ഒരു സെക്രട്ടേറിയറ്റ് ഉണ്ടായിരിക്കുന്നതാണ്.".

3. <u>5-ാം വകുപ്പിനുള്ള ഭേദഗതി.</u>—(1) പ്രധാന ആക്റ്റിലെ 5-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിൽ (ആർ) ഇനത്തിനുപകരം താഴെ പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ആർ) സർക്കാർ, വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്വകാര്യ പാർക്കിന്റെ സംഗതിയിൽ, ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ ;".

(2) പ്രധാന ആക്റ്റിലെ 5-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ജില്ലാകളക്ടർ വ്യവസായ പ്രദേശ ബോർഡിന്റെ ചെയർമാനും, ബന്ധപ്പെട്ട വ്യവസായ പ്രദേശത്തിന്റെ നിയുക്ത അധികാരസ്ഥാനം കൺവീനർ ആയിരിക്കുന്നതും, സർക്കാർ വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്വകാര്യ പാർക്കിന്റെ സംഗതിയിൽ, ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ വ്യവസായ പ്രദേശ ബോർഡിന്റെ കൺവീനർ ആയിരിക്കുന്നതുമാണ്.".

4. <u>10 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 10-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"10 എ. <u>സംസ്ഥാന ബോർഡിന്റെയും ജില്ലാ ബോർഡിന്റെയും വ്യവസായ പ്രദേശ ബോർഡിന്റെയും യോഗത്തിൽ ഹാജരാകുവാൻ വീഴ്ച വരുത്തുന്ന അംഗങ്ങൾക്കെതിരെ നടപടിയെടുക്കുവാൻ ശിപാർശ ചെയ്യുന്നതിന് സംസ്ഥാന ബോർഡിന്റെ ചെയർമാനുള്ള അധികാരം.</u>—സംസ്ഥാന ബോർഡ് ചെയർമാന്, സ്വമേധയോ അല്ലെങ്കിൽ ജില്ലാ ബോർഡിന്റെയോ വ്യവസായ പ്രദേശ ബോർഡിന്റെയോ റിപ്പോർട്ടിൻമേലോ, സംസ്ഥാന ബോർഡിലെയോ, ജില്ലാ ബോർഡിലെയോ, വ്യവസായ പ്രദേശ ബോർഡിലെയോ, ഏതെങ്കിലും അംഗം ന്യായമായ കാരണങ്ങൾ കൂടാതെ, ബോർഡിന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നതിൽ വീഴ്ച വരുത്തിയെന്ന് ബോധ്യപ്പെടുന്നപക്ഷം, അപ്രകാരമുള്ള അംഗത്തിനെതിരെ കൃത്യവിലോപത്തിന് വകുപ്പുതല നടപടി സ്വീകരിക്കുന്നതിനായി അപ്രകാരമുള്ള അംഗത്തിന്റെ വകുപ്പ് മേധാവിയ്ക്ക് ശിപാർശ നൽകാവുന്നതാണ്.".